56/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി, ഉള്ളൂർ ലെയിൻ (Opp. New Building),
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി : 29.08.2024

## സർക്കുലർ

**വിഷയം :** ഒന്നാം വർഷ എൻ.എസ്.എസ്. വോളന്റിയർമാരുടെ എൻ റോൾമെന്റ് സംബന്ധിച്ച്

**സൂചന :** 22/08/2024 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 58(1)/DGE/HSE/NSS/2024 നമ്പർ ഉത്തരവ്

**ഒന്നാം വർഷ വോളന്റിയേഴ്സ് തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

സൂചന ഉത്തരവിൽ പ്രകാരം പുതിയതായി അനുവദിക്കപ്പെട്ട സ്വാശ്രയ യൂണിറ്റുകളിലെ ഒന്നാം വർഷത്തിൽ (+1) പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കുമായി പൊതുശിക്ഷണം (ജനറൽ ഓറിയന്റേഷൻ) നൽകണം.

- എൻ.എസ്.എസ്. ന്റെ വിവിധ പ്രവർത്തനങ്ങൾ
- എൻ.എസ്.എസ്. എന്ന സംഘടനയുടെ വിദ്യാഭ്യാസത്തിലുള്ള പ്രസക്തി
- വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ തുടങ്ങിയവ.

1. ജനറൽ ഓറിയന്റേഷനുശേഷം താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ മാതൃക നൽകേണ്ടതാണ്. ജനറൽ ഓറിയന്റേഷൻ നൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ട്രെയിനിങ് ലഭിച്ച അടുത്തുള്ള വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസറുടെ സേവനം ലഭ്യമാക്കാവുന്നതാണ്)
2. വിദ്യാർത്ഥികൾ രക്ഷിതാവിനോട് അനുവാദം വാങ്ങിയ ശേഷമേ പൂരിപ്പിച്ച അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുള്ളൂ.
3. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യ പരിഗണന നൽകണം.
4. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്/ക്ലാസ്/രക്ഷകർത്താവിന്റെ പേര് എന്നിവ എൻ.എസ്.എസ്. നോട്ടീസ് ബോർഡിലും, വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.
5. ഓരോ യൂണിറ്റും പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. വിദ്യാർത്ഥികളിലെ സാമൂഹ്യസേവനം പ്രവർത്തനത്തിനുള്ള താൽപ്പര്യവും ആഭിമുഖ്യവും കണക്കിലെടുത്ത് തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

a) എൻറോൾമെന്റ് ചെയ്യുന്നതിന് തൊട്ടുമുൻപുള്ള 7 ദിവസത്തെ അവരുടെ പ്രവർത്തനം വിലയിരുത്തി പ്രവർത്തന മികവ് പരിശോധിക്കേണ്ടതാണ്.

b) വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് പരമാവധി വസ്തുനിഷ്ഠമാക്കേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികളുടെ സാമൂഹ്യ ബോധം, സേവന സന്നദ്ധത തുടങ്ങിയ മനോഭാവങ്ങളും കാഴ്ചപ്പാടുകളും പരിശോധിക്കുന്ന ഉപന്യാസം എഴുതിച്ച് റേറ്റിംഗ് ചെയ്യേണ്ടതാണ്.

c) ഒരു നിശ്ചിത സമയം ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുപ്പിച്ച് അതിലെ ഇടപെടൽ റേറ്റിംഗിന് വിധേയമാക്കേണ്ടതാണ്.

d) പ്രോഗ്രാം ഓഫീസർ, പ്രിൻസിപ്പൽ, സീനിയർ അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർ ചേർന്ന് തിരഞ്ഞെടുക്കപ്പെടേണ്ട വിദ്യാർത്ഥികളെ ഇന്റർവ്യൂവിന് വിധേയമാക്കേണ്ടതാണ്.

e) തിരഞ്ഞെടുപ്പിൽ സമനില വന്നാൽ കലാ/കായിക രംഗത്ത് മികവ് തെളിയച്ചവർക്ക് മുൻഗണന നൽകേണ്ടതാണ്.

f) മേൽപറഞ്ഞ അഞ്ച് ഇനങ്ങളുടെയും സ്കോർ രേഖപ്പെടുത്തിയ ലിസ്റ്റ് പ്രിൻസിപ്പൽ മേലൊപ്പ് ചാർത്തി പ്രോഗ്രാം ഓഫീസർ ഫയലിൽ സൂക്ഷിക്കേണ്ടതും തിരഞ്ഞെടുപ്പ് സംബന്ധിച്ച് പരാതി ഉണ്ടാകുന്ന പക്ഷം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

എൻറോൾമെന്റ് നടപടികൾ 2024 സെപ്റ്റംബർ 13 നകം പൂർത്തിയാക്കേണ്ടതാണ്.

6. വോളന്റിയർ തിരഞ്ഞെടുപ്പിന്റെ യൂണിറ്റ്തല ചുമതലയും/ഉത്തരവാദിത്വവും പൂർണ്ണമായും പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.

7. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായും, നീതിയുക്തമായും തിരഞ്ഞെടുപ്പ് നടത്തണം.

8. വോളന്റിയേഴ്സ് തിരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.

9. സയൻസ്/കൊമേഴ്സ്/ഹ്യുമാനിറ്റീസ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം. (വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ എൻറോൾമെന്റ് ലിസ്റ്റ് വകുപ്പ് തലത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്).

10. SC/ST/OBC/Minority/Girls എന്നിവരെ എൻ.എസ്.എസ്. ൽ ചേരുവാൻ പ്രോത്സാഹനം നൽകണം. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിൽ SC/ST വിദ്യാർത്ഥികളിൽ നിന്നും കഴിയുന്നതും ഫണ്ട് ഈടാക്കാത്ത രീതിയിൽ പി.ടി.എ. ഫണ്ട് /സി.എസ്.ആർ.ഫണ്ട്/മറ്റു സർക്കാർ/പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

11. എൻറോൾമെന്റ് പൂർത്തിയാക്കുന്നതിനു മുൻപായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മീറ്റിംഗ് വിളിച്ച് എൻ.എസ്.എസ്. പ്രവർത്തനങ്ങൾ വിവരിക്കണം. ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്ടിവിറ്റിയിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്നും, റെഗുലർ ആക്ടിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമൂഹ്യ സേവനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നും അറിയിക്കേണ്ടതാണ്. അവരുടെ സഹായവും വിവിധ തലത്തിൽ ആവശ്യപ്പെടാം. പ്രൊഫോർമ 4 രക്ഷിതാക്കൾക്ക് നൽകുകയും പൂരിപ്പിച്ചു വാങ്ങി യൂണിറ്റിൽ സൂക്ഷിക്കേണ്ടതും പരിശോധന വേളയിൽ ആവശ്യപ്പെടുകയാണെങ്കിൽ നൽകേണ്ടതുമാണ്.

12. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും വ്യക്തമായ അറിവ് നൽകണം.

13. തിരഞ്ഞെടുക്കപ്പെട്ട 50 വോളന്റിയർമാരുടെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. വെയിറ്റിംഗ് ലിസ്റ്റ് പാടില്ല.

14. തിരഞ്ഞെടുപ്പ് പൂർത്തിയായാൽ മാത്രമേ എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാൻ പാടുള്ളൂ. എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങി കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

15. പുതിയ സ്വാശ്രയ യൂണിറ്റുകളിലെ യൂണിറ്റ്തല സ്പെസിഫിക് ഓറിയന്റേഷൻ നടത്തുന്നതിനായി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അതതു ക്ലസ്റ്റർ കൺവീനർമാർ ബന്ധപ്പെടേണ്ടതാണ്. ക്ലസ്റ്റർ കൺവീനർക്കു മാത്രമേ സ്പെസിഫിക് ഓറിയന്റേഷന്റെ ചുമതല നൽകിയിട്ടുള്ളൂ. എൻറോൾമെന്റ് പ്രവർത്തനങ്ങൾ ഓഗസ്റ്റ് 30 ന് ആരംഭിക്കുകയും സെപ്റ്റംബർ 13 ന് അവസാനിപ്പിക്കുകയും ചെയ്യണം. സ്പെസിഫിക് ഓറിയന്റേഷൻ ഓണാവധിക്കുശേഷം പൂർത്തീകരിക്കണം.

16. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളന്റിയർ ലീഡർമാരെ തിരഞ്ഞെടുക്കേണ്ടതാണ്. തികച്ചും നേതൃത്വ പാടവം ഉള്ളവരെ മാത്രമേ ഇതിനായി പരിഗണിക്കാവൂ. അതോടൊപ്പം 5 സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡർമാരെ തിരഞ്ഞെടുക്കുകയും വേണം. യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കുന്ന രണ്ടു ലീഡർമാരെയാണ് എൻ.എസ്.എസ്. സെൽ നടത്തുന്ന ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. പകരം ആരെയും അനുവദിക്കുന്നതല്ല.

17. യൂണിറ്റ്തല അഡ്വൈസറി കമ്മിറ്റി വിളിച്ച് സംസ്ഥാന നിർദ്ദേശം അനുസരിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കണം. യൂണിറ്റ്തല ആക്ഷൻ പ്ലാൻ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി പ്രിൻസിപ്പൽ കൗണ്ടർ സൈൻ ചെയ്ത് 3 കോപ്പി ജില്ലാ കൺവീനറെ ഏല്പിക്കേണ്ടതാണ്.

18. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്യുകയും വേണം.

19. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറേറ്റ് നൽകിയ മൂന്ന് ഫോർമാറ്റ് ഇതോടൊപ്പം ചേർക്കുന്നു. ഇവ ക്രോഡീകരിച്ച് മൂന്നു ഫോർമാറ്റുകൾ യൂണിറ്റ് തലത്തിൽ സൂക്ഷിക്കേണ്ടതും രണ്ടും മൂന്നും ഫോർമാറ്റുകൾ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് സെപ്റ്റംബർ 30 ന് മുൻപായി ജില്ലാ കൺവീനർ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

20. പ്രൊഫോർമ 5 ന്റെ സോഫ്റ്റ് കോപ്പി എക്സൽ ഫോർമാറ്റിൽ അതത് പ്രോഗ്രാം ഓഫീസർ ക്ലസ്റ്റർ കൺവീനർമാർ വഴി ജില്ലാ കൺവീനർക്കു നൽകേണ്ടതാണ്. ജില്ലാ കൺവീനർമാർ ജില്ലയുടെ സിംഗിൾ ഫയലായി സ്റ്റേറ്റ് സെല്ലിൽ സെപ്റ്റംബർ 30 നു മുൻപ് അയയ്ക്കേണ്ടതാണ്. ഒന്നാം വർഷ യൂണിറ്റുകളുടെ കൺസോളിഡേറ്റഡ് വിവരങ്ങൾ കൂടി എൻറോൾമെന്റ് വിവരങ്ങളോടൊപ്പം സെല്ലിൽ സമർപ്പിക്കേണ്ടതാണ്. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിലെ വോളന്റിയർമാരിൽ നിന്നും വാങ്ങേണ്ട തുക സംബന്ധിച്ച വിവരങ്ങൾ തുടർ സർക്കുലറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്/

പ്രോഗ്രാം കോ-ഓർഡിനേറ്റർ

**PROFORMA I**

# NSS ENROLMENT PROFORMA (AT UNIT LEVEL)

Name of the School........................................................................................

Name of the Directorate ..................................................................................

Unit No ..........................................................................................................

Affix Passport Size photo

| | | |
|---|---|---|
| 01. | Name of the Volunteer | |
| 02. | Father/Guardian's Name | |
| 03. | Father/Guardian's Phone | |
| 04. | Sex | Male ☐ Female ☐ |
| 05. | Date of Birth | |
| 06. | Class in which studying | |
| 07. | Community | General ☐ SC ☐ ST ☐ |
| 08. | Residential Address | |
| | | |
| 09. | Blood group | |
| 10. | Height (Cms) | Weight kg. |
| 11. | Mobile Number | |
| 12. | E-mail ID | |
| 13. | Cultural Talents (specify) | |
| 14. | Hobbies | |

## DECLARATION

I..................................... hereby agree to obey all the rules and regulations of National Service Scheme and work imbibing the spirit of the Scheme.

Date:

Place:

Signature of the Volunteer

For office use only

Date of Enrolment:

Enrolment No:

**PROFORMA -II**

# PROFORMA FOR SUBMISSION OF ENROLMENT PARTICULARS OF NSS TO THE PROGRAMME CO-ORDINATOR

Name of the School..........................................................................................................

Unit Number..........................................................................................................

Name of the Programme Officer ..........................................................................................

Mobile Number ..........................................................................................................

E-Mail ID ..........................................................................................................

| Sl. No | Particulars | SC | | ST | | OC | | Total | |
|---|---|---|---|---|---|---|---|---|---|
| | | M | F | M | F | M | F | M | F |
| 01. | No.of Volunteers newly enrolled in NSS (Ist year) | | | | | | | | |
| 02. | No. of Volunteers continued in NSS (2nd year) | | | | | | | | |
| | Total | | | | | | | | |

Signature of Programme Officer

**PROFORMA III**

## NSS ENROLMENT REGISTER YEAR.................

| Sl. No | Enrolment No. | Date of Enrolment | Name of the Volunteer (in Block letters) | Male/ Female | SC/ST/ OC | Date of Birth | Class | Blood Group | Cultural Talents |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

Signature of the Programme Officer
(With date & seal)

Signature of the Principal
(With date & seal)

**PROFORMA -IV**

## സമ്മതപത്രം

എന്റെ മകൻ/ മകൾ ____________________________________

എൻ.എസ്.എസ്. വോളന്റീയർ ആകാൻ താല്പര്യമുണ്ടെന്നും, എൻ.എസ്.എസ്. വോളന്റീയറായി തിരഞ്ഞെടുക്കുകയാണെങ്കിൽ ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്ടിവിറ്റിയിൽ പങ്കെടുക്കണമെന്ന് ക്യാമ്പസ്സിന് പുറത്തു സംഘടിപ്പിക്കുന്ന സപ്തദിന സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കണമെന്നും റെഗുലർ ആക്ടിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമൂഹ്യ സേവനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നും എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. എൻ.എസ്.എസ്. വോളന്റീയർ എന്ന നിലയിൽ മേൽ പറഞ്ഞ പ്രവർത്തനങ്ങളിൽ എന്റെ മകൻ/ മകൾ പങ്കെടുക്കുന്നത് സമ്മതമുള്ള കാര്യമാണെന്ന് അറിയിക്കുന്നു.

സ്ഥലം: പേര് :

തീയതി: ഒപ്പ്:

(അച്ഛൻ/അമ്മ/ രക്ഷാകർത്താവ്)